I. ഇ.ബി. XV-കേരള നിയമസഭ/XIV-10

**പതിനഞ്ചാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ഒക്ടോബർ 8, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.50-ന് നിർത്തിവച്ച സഭ 10.06-ന് പുനരാരംഭിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സഭാനടപടികൾ സ്തംഭിപ്പിക്കുന്നത് സഭാചരിത്രത്തിലെ ആദ്യ സംഭവമല്ല. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പ്രതിപക്ഷം ആറ് തവണയാണ് ചോദ്യോത്തരവേള സ്തംഭിപ്പിച്ചത്. ഇന്ന് വാച്ച് ആൻഡ് വാർഡിനെ ഇറക്കി വനിതാ സാമാജികരെ ഉൾപ്പെടെ തള്ളിമാറ്റിയിട്ടും പ്രതിപക്ഷം യാതൊരു പ്രകോപനവുമുണ്ടാക്കിയില്ല. മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നാണ് പ്രകോപനമുണ്ടായത്. ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്കരിക്കുകയാണ്.

(പ്രതിപക്ഷം സഭാനടപടികൾ ബഹിഷ്കരിച്ചു.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ ഇന്ന് സ്പീക്കർ വിളിച്ചുചേർത്ത കക്ഷിനേതാക്കളുടെ യോഗം പ്രതിപക്ഷം

ബഹിഷ്കരിക്കുകയാണുണ്ടായത്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് നിരന്തരം പ്രകോപനമുണ്ടായിട്ടും ഭരണപക്ഷം സഭാനടപടികളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതോടെ പ്രതിപക്ഷം അക്രമോത്സുകമായ നിലപാട് സ്വീകരിച്ചു. രാഷ്ട്രീയ ലാഭത്തിനുവേണ്ടി വനിതാ അംഗത്തെപോലും മനുഷ്യകവചമായി ഉപയോഗിച്ച് ആക്രമണ പദ്ധതി ആസൂത്രണം ചെയ്ത പ്രതിപക്ഷ സമീപനം അപലപനീയമാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ട് പോകുന്നതിനായി ഇന്ന് വിളിച്ചുചേർത്ത കക്ഷിനേതാക്കളുടെ യോഗത്തിൽ പ്രതിപക്ഷം പങ്കെടുക്കാത്തതിലൂടെ അവർ നൽകിയ സന്ദേശം വ്യക്തമാണ്. സഭയിൽ ഉന്നയിക്കുന്ന വിഷയത്തിന് വിശദീകരണം നൽകാൻ തയ്യാറാണെന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടും വിഷയം ഉന്നയിക്കാതെ അവർ പുകമറ സൃഷ്ടിക്കുകയാണ്. ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു ടീം അന്വേഷണം ആരംഭിച്ചിട്ടുണ്ട്. കുറ്റവാളികളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കുകയില്ല. വനിതാ വാച്ച് ആൻഡ് വാർഡ് അടക്കമുള്ളവരെ തള്ളിമാറ്റാനും ആക്രമിക്കാനും ശ്രമിച്ചത് അപലപനീയവും അംഗീകരിക്കാൻ കഴിയാത്തതുമാണ്. ഇക്കാര്യത്തിൽ ചെയറിൽനിന്നും ഉചിതമായ നിലപാടുണ്ടാകുമെന്ന് കരുതുകയാണ്.

മി. സ്പീക്കർ: ജനാധിപത്യത്തിൽ ഭരണ-പ്രതിപക്ഷ അംഗങ്ങൾക്കുള്ളതുപോലെയുള്ള അവകാശം ചെയറിനുമുണ്ട്. സഭ പൂർണ്ണമായും സ്തംഭിപ്പിച്ചുകൊണ്ടുള്ള പ്രതിഷേധമാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് കഴിഞ്ഞ രണ്ടുദിവസങ്ങളിലുണ്ടായത്. കക്ഷിനേതാക്കളുടെ യോഗം വിളിച്ച് സമവായത്തിലൂടെ സഭ നടത്തിക്കൊണ്ടുപോകാൻ ശ്രമിച്ചെങ്കിലും പ്രതിപക്ഷം സഹകരിച്ചില്ല. ജനാധിപത്യത്തിന് ഭൂഷണമല്ലാത്ത നടപടികളാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ഇന്നുമുണ്ടായത്. ഭാവിയിൽ ഇത്തരം സംഭവങ്ങൾ

ആവർത്തിക്കാതിരിക്കണമെന്നും സഭാനടപടികളുമായി സഹകരിക്കണമെന്നും പ്രതിപക്ഷാംഗങ്ങളോട് അഭ്യർഥിക്കുകയാണ്.

## I ശ്രദ്ധക്ഷണിക്കൽ

മെട്രോ റെയിൽ പദ്ധതി

ശ്രീ. പി. വി. ശ്രീനിജിൻ: കൊച്ചി മെട്രോയുടെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വരെയുള്ള രണ്ടാംഘട്ടം കുന്നത്തുനാടിലെ മനക്കക്കടവ് പാലംവരെ ദീർഘിപ്പിക്കാനും നിർദിഷ്ട തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതികളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി മെട്രോയുടെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് ഇൻഫോപാർക്ക് വഴി സ്മാർട്ട് സിറ്റി വരെയുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. പദ്ധതി മറ്റ് സ്ഥലങ്ങളിലേക്ക് ദീർഘിപ്പിക്കുന്ന കാര്യം പരിഗണനയിലില്ല. തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതികളുടെ മൊബിലിറ്റി പ്ലാൻ, ആൾട്ടർനേറ്റീവ് അനാലിസിസ് റിപ്പോർട്ട് എന്നിവയുടെ അംഗീകാരത്തിനുശേഷം ഡി.പി.ആർ. അന്തിമമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(നോട്ടീസ് നൽകിയ അംഗം ശ്രീമതി ഉമ തോമസ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

## II സബ്മിഷൻ

(1) പുതുപ്പാടി പഞ്ചായത്തിലെ ഭൂപ്രശ്നം

ശ്രീ. ലിന്റോ ജോസഫ്: തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടി, ഈങ്ങാപ്പുഴ വില്ലേജുകളിലെ ഭൂപ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): താമരശ്ശേരി താലൂക്കിലെ പുതുപ്പാടി വില്ലേജിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി ഒരു സ്പെഷ്യൽ ടീം രൂപീകരിക്കുകയും നിലമ്പൂർകാട് പ്രദേശത്തെ 82 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്. ഈങ്ങാപ്പുഴ വില്ലേജിലെ ചെറുപ്ലാട് നിവാസികളുടെ കൈവശ ഭൂമിക്ക് പട്ടയം അനുവദിക്കുന്നതിനായി പകരം ഭൂമി വനം വകുപ്പിന് കൈമാറേണ്ടതുണ്ടോയെന്ന കാര്യം പരിശോധിച്ചുവരികയാണ്.

(2) കോന്നി മലയോര മേഖലയിലെ പട്ടയ വിതരണം

ശ്രീ. കെ. യു. ജനീഷ് കുമാർ: കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, കലഞ്ഞൂർ, തണ്ണിത്തോട് വില്ലേജുകളിലെ പട്ടയപ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോന്നി നിയോജകമണ്ഡലത്തിലെ കോന്നിത്താഴം വില്ലേജിലെ പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി ഡിജിറ്റൽ സർവെ നടപടികൾ പൂർത്തീകരിക്കുകയും ചിറ്റാർ, സീതത്തോട്, അരുവാപ്പുലം, വില്ലേജുകളിലെ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് കൈവശക്കാരുടെ അർഹത പരിഗണിച്ച് പട്ടയം നൽകാനുള്ള സത്വര നടപടി സ്വീകരിക്കുന്നതുമാണ്. ഡിസ്-റിസർവ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കാത്തതും വനത്തിന്റെ ജണ്ടയ്ക്ക് പുറത്തുള്ളതുമായ പ്രദേശങ്ങളിൽ ഭൂമി കൈവശം വച്ചുവരുന്നവരുടെയും കുടിയേറ്റ കർഷകരുടെയും പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി കോന്നി, റാന്നി, മല്ലപ്പള്ളി താലൂക്കുകളിൽനിന്നായി 1970.04 ഹെക്ടർ വനഭൂമി പട്ടയം അനുവദിക്കുന്നതിനുള്ള കേന്ദ്രാനുമതിക്കായി പരിവേഷ് പോർട്ടൽ മുഖേന പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(3) ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ പ്രവൃത്തി

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ പ്രവൃത്തി പൂർത്തീകരിക്കുന്നതിനും അതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം സമയബന്ധിതമായി നൽകുന്നതിനും നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): ഉഡുപ്പി-കരിന്തളം-വയനാട് 400 കെ.വി. ലൈൻ പ്രവൃത്തിയുടെ നിർവഹണ ചുമതല ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിനാണ് നൽകിയിട്ടുള്ളത്. നിർമ്മാണവുമായി ബന്ധപ്പെട്ട നഷ്ടപരിഹാര പാക്കേജിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.

(4) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ

ശ്രീ. പി. എസ്. സുപാൽ: റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിലെ താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് താൽക്കാലിക തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നത് പരിഗണിക്കുന്നതാണ്.

(5) കനീസാകടവ്, മാർക്കറ്റ്, കോയിക്കൽ പടിക്കൽ എന്നീ പാലങ്ങളുടെ നിർമ്മാണം

ശ്രീമതി യു. പ്രതിഭ: കായംകുളം നിയോജകമണ്ഡലത്തിലെ കനീസാകടവ്, മാർക്കറ്റ്, കോയിക്കൽ പടിക്കൽ എന്നീ പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കനീസാകടവ്, മാർക്കറ്റ്, കോയിക്കൽ പടിക്കൽ എന്നീ പാലങ്ങളുടെ നിർമ്മാണത്തിന് കോസ്റ്റൽ ഷിപ്പിങ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമായെങ്കിലും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തുക പാലങ്ങളുടെ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ അധികമായതിനാൽ റേറ്റ് റിവിഷൻ വന്നിരിക്കുകയാണ്. പുതുക്കിയ ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്.

## III റിപ്പോർട്ട് സമർപ്പണം

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു:

1) സബ്ജക്ട് കമ്മിറ്റി V-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും
2) സബ്ജക്ട് കമ്മിറ്റി XII-ന്റെ ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട്
3) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-25 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

## IV നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ
(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ വ്യവസ്ഥകൾ ഭേദഗതി ചെയ്തുകൊണ്ടുള്ളതാണ് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ. കേന്ദ്ര നിയമത്തിലെ അപാകതകൾ പരിഹരിക്കണമെന്നും നിയമം കാലോചിതമായി പരിഷ്കരിക്കണമെന്നുമുള്ള കേരളത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാർ അനുകൂല നടപടി സ്വീകരിക്കാത്തതിനാലാണ് കേന്ദ്ര നിയമത്തിൽ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിച്ചത്. വന്യജീവികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കണമെന്നും ആപത്ഘട്ടങ്ങളിൽ സംസ്ഥാന സർക്കാരിന് ഇടപെടാനുള്ള സ്വാതന്ത്ര്യമുണ്ടാകണമെന്നുമുള്ള വ്യവസ്ഥകൾ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനാണ് ഭേദഗതി നിർദ്ദേശിച്ചിട്ടുള്ളത്. നിബന്ധനകളിൽ ഇളവ് വരുത്താനുള്ള അവകാശം അതത് കാലത്തെ സംസ്ഥാന സർക്കാരുകൾക്ക് ഉണ്ടായിരിക്കണമെന്നതാണ് ഈ ബില്ലിന്റെ അന്തഃസത്ത.

1961-ലെ കേരള വന നിയമ പ്രകാരം ചന്ദനമരങ്ങൾ മുറിക്കുന്നതിൽ നിലനിൽക്കുന്ന പ്രതിബന്ധങ്ങൾ നീക്കുന്നതിനും സ്വന്തം പുരയിടത്തിൽ സ്വമേധയാ വളരുകയോ വച്ചുപിടിപ്പിക്കുകയോ ചെയ്തിട്ടുള്ള ചന്ദനമരങ്ങൾ മുറിക്കാനും വിൽക്കാനുമുള്ള പൗരന്റെ അവകാശം സംരക്ഷിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് 2025-ലെ കേരള വന (ഭേദഗതി) ബിൽ.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

<u>ശ്രീ. പി. ടി. എ. റഹീം</u>: സബ്ജക്റ്റ് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തിന് ശാശ്വത പരിഹാരം കണ്ടെത്തുന്നതിനായി നിലവിലുള്ള കേന്ദ്ര നിയമത്തിലെ അപ്രായോഗിക വ്യവസ്ഥകൾ കാലാനുസൃതമായി ഭേദഗതി ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടും നിഷേധാത്മക നിലപാട് സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന സർക്കാർ നിയമത്തിൽ ഭേദഗതി വരുത്താൻ തീരുമാനിച്ചത്. വന്യമൃഗങ്ങളുടെ ജനനനിയന്ത്രണത്തിനും ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനും നാടൻ കുരങ്ങുകളെ ആക്റ്റിന്റെ പട്ടിക-I-ൽനിന്ന് പട്ടിക II-ലേക്ക് മാറ്റാനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂവുടമകൾക്ക് സ്വന്തം ഭൂമിയിലുള്ള ചന്ദനമരം മുറിച്ച് വില്പന നടത്താൻ അധികാരമില്ലെങ്കിലും അതുസംബന്ധിച്ച നിയന്ത്രണങ്ങളിൽ ഇളവ് വരുത്താൻ 2025-ലെ കേരള വന (ഭേദഗതി) ബില്ലിലൂടെ സാധിച്ചിട്ടുണ്ട്. സ്വകാര്യഭൂമിയിലെ ചന്ദനമരം വനം വകുപ്പുമുഖാന്തരം മുറിച്ച് വില്പന നടത്താനും അതിന്റെ വില കർഷകന് ലഭ്യമാക്കാനുമുള്ള വ്യവസ്ഥ സ്വാഗതാർഹമാണ്. മരം മുറിക്കാൻ വനം വകുപ്പിന്റെ അനുവാദം ലഭ്യമാകുന്നതിലെ

കാലതാമസം ഒഴിവാക്കാൻ ബില്ലിൽ വ്യവസ്ഥ ചെയ്യണം. കോടതിയുടെ അനുമതിയോടുകൂടി ചില വനകുറ്റങ്ങൾ രാജിയാക്കാനും ബില്ലിൽ വ്യവസ്ഥ കൊണ്ടുവന്നിട്ടുണ്ട്.

ശ്രീ. വി. കെ. പ്രശാന്ത്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ ചില അപ്രായോഗിക വ്യവസ്ഥകൾ ഭേദഗതി ചെയ്യാനും വന്യജീവി ആക്രമണംമൂലം ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണാനുംവേണ്ടിയാണ് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ കൊണ്ടുവന്നിട്ടുള്ളത്. സ്വകാര്യ ഭൂമികളിൽനിന്ന് ചന്ദനമരങ്ങൾ മുറിക്കുന്നതിനുള്ള നിയന്ത്രണങ്ങളിൽ ഇളവുവരുത്താനും വന നിയമലംഘനവുമായി ബന്ധപ്പെട്ട ചില കുറ്റങ്ങൾ കോടതിയുടെ അനുമതിയോടുകൂടി രാജിയാക്കാനുമുള്ള ഭേദഗതികൾ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് സ്വാഗതാർഹമാണ്.

ശ്രീ. മാത്യു ടി. തോമസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെടുന്ന വിഷയത്തിന്മേൽ സംസ്ഥാനത്തിന് ഭേദഗതി കൊണ്ടുവരാമെന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ജനവാസ മേഖലയിലിറങ്ങി ആക്രമണം നടത്തുന്ന വന്യമൃഗങ്ങളെ കൊല്ലാനുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തുന്ന വ്യവസ്ഥ സ്വാഗതാർഹമാണ്. സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് വന്യമൃഗാക്രമണത്തിൽനിന്ന് ജനങ്ങളെ സംരക്ഷിക്കാനുള്ള പരിശ്രമമാണ് ബില്ലിലൂടെ മുന്നോട്ടുവച്ചിട്ടുള്ളത്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ലിന്റോ ജോസഫ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മലയോര കർഷകർക്ക് ആശ്വാസകരമായ ഭേദഗതികളാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. 1972-ലെ വന്യജീവി (സംരക്ഷണം) നിയമം ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് നിയമസഭ പ്രമേയം പാസ്സാക്കി കേന്ദ്രസർക്കാരിൽ സമർപ്പിച്ചെങ്കിലും യാതൊരു തുടർനടപടിയും സ്വീകരിക്കാത്തതിനാലാണ് സർക്കാർ ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. വന്യജീവി ആക്രമണത്തെ സംസ്ഥാന ദുരന്തമായി കണക്കാക്കി ആക്രമണത്തിനിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ക്രിയാത്മകമായ ഇടപെടലാണ് സർക്കാർ നടത്തുന്നത്. വനാതിർത്തികളിൽ സ്ഥാപിച്ചിട്ടുള്ള കിടങ്ങുകളും സൗരോർജ വേലികളും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): വന്യജീവി ആക്രമണമുണ്ടാകുമ്പോൾ ജില്ലാ കളക്ടർമാർക്ക് അടിയന്തരമായി ഇടപെടാനുള്ള സാഹചര്യമാണ് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ നിലവിൽ വരുന്നതോടുകൂടി സംജാതമാകുന്നത്. വന്യജീവി ആക്രമണങ്ങൾ സംബന്ധിച്ച് മലയോര മേഖലയിലെ ജനങ്ങൾക്കിടയിലുണ്ടായിട്ടുള്ള ആശങ്കകൾ പരിഹരിക്കുന്നതിന് ഈ ബില്ലിലൂടെ സാധിക്കും.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവയിലെ വ്യവസ്ഥകൾ ഗൗരവത്തോടുകൂടി പരിശോധിച്ച് നിർദേശങ്ങൾ നൽകിയ

അംഗങ്ങളെ അഭിനന്ദിക്കുന്നു. വന്യജീവി ആക്രമണങ്ങൾക്കിരയാകുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി വകയിരുത്തിയ തുകയിൽ 75 ശതമാനവും ഇതിനകം ചെലവഴിച്ചിട്ടുണ്ട്. മലയോര മേഖലയിലെ ജനങ്ങൾക്ക് ആശ്വാസമേകുന്ന ഈ ബില്ലുകൾക്ക് രാഷ്ട്രപതിയുടെ അംഗീകാരം ലഭ്യമാക്കുന്നതിന് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ യോജിച്ച സമീപനം സ്വീകരിക്കണം.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(i) 2025-ലെ കേരള വന (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

312. In section 2(c) proposed to be substituted in the principal Act by clause 2 for the word " Watcher" the words " Forest Beat Assistant" shall be substituted.

125, 129, 137, 140, 141, 142, 143 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

154. In section 2(c) proposed to be substituted in the principal Act by clause 2 for the word " rules" the word " rule" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികൾ സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

157, 161, 174, 177, 185, 195, 198, 202, 208, 209, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

220, 227 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

231, 233, 235 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

237, 239 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഏഴാം വകുപ്പ്</u>

242, 244, 255, 257, 261, 276, 287, 297, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

241. In section 68(1) proposed to be substituted in the principal act by clause 7 for the word " officer" the word " Officer" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): 2025-ലെ കേരള വന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള വന (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

342. In the explanation 1(a) to section 11(1)(a) proposed to be inserted in the principal Act by clause 2(1)(ii) after the words " residential area" the words " or agricultural area" shall be inserted.

151, 160, 163, 170, 175, 176, 198, 200, 206, 220, 222, 224, 238, 239, 252, 254, 259, 266, 284, 289, 299, 301, 303, 309, 311 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

316, 318, 323, 325, 330, 331, 338 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

107, 113, 132 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

130. In the enacting formula, for the word "Sixth" the word "sixth" shall be substituted.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): 2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ
(iv) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

(വിയോജനക്കുറിപ്പ് നൽകിയ അംഗങ്ങൾ സീറ്റിലില്ലാതിരുന്നതിനാൽ വിയോജിപ്പ് രേഖപ്പെടുത്തിയില്ല.)

ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനും ജനകീയ സഹകരണം വിപുലപ്പെടുത്തുന്നതിനും വേണ്ടിയുള്ള ഭേദഗതി ബില്ലുകളാണ് കൊണ്ടുവന്നിട്ടുള്ളത്. പദ്ധതി വിഹിതത്തിന്റെ 40 ശതമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നതിലൂടെ അധികാര പുനർവിന്യാസം സാധ്യമാക്കാനാകും. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സീറ്റ് സംവരണം പുനർനിർണ്ണയിക്കുക, പൊതുസ്ഥലങ്ങളിലെ കൈയേറ്റങ്ങൾ തടയുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വരുമാനം വർധിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ ഈ ബില്ലുകളിലൂടെ നിറവേറ്റാനാകും.

ശ്രീ. വി. ജോയി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കുള്ള സീറ്റ് സംവരണം പുനർനിർണ്ണയിക്കുക, ചെയർപേഴ്സൺമാരുടെ അധികാര പരിഷ്കരണം, കൊടിതോരണങ്ങൾ/പരസ്യ പോസ്റ്ററുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണൽ എന്നിവയാണ് ഭേദഗതി ബില്ലിലൂടെ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള ചുവടുവയ്പാണ് ഈ ഭേദഗതി ബിൽ.

ശ്രീ. എ. പ്രഭാകരൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പഞ്ചായത്ത് രാജ് ചട്ടങ്ങൾ പരിഷ്കരിച്ചതും കേരളത്തെ സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരത നേടിയ സംസ്ഥാനമാക്കി മാറ്റിയതും മാലിന്യമുക്ത കേരളം പദ്ധതി നടപ്പാക്കിയതും സർക്കാരിന്റെ നേട്ടങ്ങളാണ്. തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലുള്ള സ്ഥലങ്ങളിൽ നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് പ്രചാരണ ബോർഡുകൾ സ്ഥാപിക്കാനുള്ള വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തണം.

ശ്രീ. ജി. സ്റ്റീഫൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പട്ടികജാതി-പട്ടികവർഗക്കാരുടെ ജനസംഖ്യ തുല്യമാകുന്ന അവസരത്തിൽ സ്ഥാനം സംവരണം ചെയ്യേണ്ടതുസംബന്ധിച്ച വ്യവസ്ഥകൾ ബില്ലിൽ കൊണ്ടുവന്നിട്ടുള്ളത് സ്വാഗതാർഹമാണ്. ലൈഫ് ഭവന പദ്ധതി, സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞം എന്നിവ നടപ്പാക്കാൻ സാധിച്ചതും കെ-സ്മാർട്ട്

പദ്ധതിയിലൂടെ മുഴുവൻ സേവനങ്ങളും ഓൺലൈനായി ലഭ്യമാക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. മാലിന്യ സംസ്കരണ രംഗത്തെ മട്ടന്നൂർ മാതൃക ദേശീയതലത്തിൽ അംഗീകരിക്കപ്പെടുകയും 23 നഗരങ്ങൾ ഗാർബേജ് ഫ്രീ സിറ്റി സ്റ്റാർ പദവി നേടുകയും വെളിയിട വിസർജ്യമുക്ത സംസ്ഥാനമായി കേരളം മാറുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് ബില്ലിലെ വ്യവസ്ഥകൾ സഹായകമാകുന്നതാണ്.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടിയാണ് കേരള പഞ്ചായത്ത് രാജ്, മുനിസിപ്പാലിറ്റി ആക്റ്റുകളിൽ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുടെ ജനസംഖ്യ തുല്യമായി വന്നാൽ വാർഡ് സംവരണം ആദ്യം നറുക്കെടുപ്പിലൂടെയും പിന്നീട് ആവർത്തനം ഒഴിവാക്കി റൊട്ടേഷൻ അടിസ്ഥാനത്തിലും നിശ്ചയിക്കുന്നതിനും നഗരസഭാ ചെയർപേഴ്സൺമാരുടെയും സെക്രട്ടറിയുടെയും അധികാരങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള വ്യവസ്ഥകൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരിച്ച് ഇന്റേണൽ വിജിലൻസ് ഓഫീസർ തസ്തിക അസിസ്റ്റന്റ് ഡയറക്ടർ തസ്തികയ്ക്ക് തുല്യമാക്കിയതിനും പെർഫോമൻസ് ഓഡിറ്റ് സംവിധാനം നിർത്തലാക്കി ജീവനക്കാരെ പുനർവിന്യസിച്ചതിനും നിയമപ്രാബല്യം നൽകുന്നതിനാണ് ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. തദ്ദേശ സ്ഥാപനങ്ങളിലെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ സോഷ്യൽ ഓഡിറ്റിന് വിധേയമാക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രചാരണം നടത്തുകയെന്ന ജനാധിപത്യ അവകാശത്തെ നിയമവിധേയമാക്കുന്നതിനാണ് ഹോർഡിങുകളോ ബാനറുകളോ കൊടിമരങ്ങളോ തോരണങ്ങളോ സ്ഥാപിക്കുന്നതിന് നിർണ്ണയിക്കപ്പെടാവുന്ന ഫീസ് ഒടുക്കി അനുമതി

വാങ്ങണമെന്ന വ്യവസ്ഥ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ബ്രഹ്മപുരത്തെ മാലിന്യം നീക്കം ചെയ്യുകയും അതിദാരിദ്ര്യ നിർമ്മാർജനത്തിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കെ-സ്മാർട്ട് പദ്ധതിയും സമ്പൂർണ്ണ ഡിജിറ്റൽ സാക്ഷരതാ യജ്ഞവും നടപ്പാക്കുകയും നഗരനയം രൂപീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലുമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച പ്ലാൻ ഫണ്ടിൽ 87 ശതമാനത്തിലധികവും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമസഭകളെ ശക്തിപ്പെടുത്തുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

(iii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

'ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.'

140, 145, 157, 164, 168, 177, 181 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

190, 193, 202, 207, 216, 218 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

226, 228, 236, 238, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

276, 280, 285, 287, 289, 295, 300, 304, 305, 309, 311, 313, 317, 326, 328, 334 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

347, 353, 355 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

366, 373, 387, 394, 396, 399, 403, 405, 407, 418, 420 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

440, 442, 444 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

447-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

137, 144, 146, 168 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

164. ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>മൂന്നാം വകുപ്പ്</u>

188, 190, 194, 198, 200, 202, 209, 220, 237 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിച്ചു:

222 ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത് " എന്ന് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>നാലാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു:

ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ ഭേദഗതി വരുത്താനുദ്ദേശിക്കുന്ന 9(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

(മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല.)

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

271, 281, 286, 288 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

അഞ്ചാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

(ഭേദഗതി അവതരിപ്പിച്ചില്ല)

ആറാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

343, 352, 354, 356 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഏഴാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

376, 379, 381 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

എട്ടാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒൻപതാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതികൾ അവതരിപ്പിച്ചില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 2.09-ന് പിരിഞ്ഞു.

*****